പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1665 — 25.03.2013 ൽ മറുപടിക്ക്

## കടൽകൊല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേരളത്തിന്റെ അധികാര പരിധിയിൽ വരുന്ന സമുദ്രാതിർത്തിയിൽ രണ്ട് മത്സ്യ തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികരുടെ ജാമ്യാപേക്ഷകൾ കോടതി പരിഗണിച്ചപ്പോൾ ജാമ്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാടെന്തായിരുന്നു; | (എ) ജാമ്യാപേക്ഷയെ എതിർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. |
| (ബി) സംസ്ഥാന സർക്കാർ ജാമ്യം നിഷേധിക്കണമെന്നാവശ്യപ്പെട്ട് സത്യവാങ്മൂലം സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെക്കുമോ; | (ബി) ജാമ്യാപേക്ഷയിൽ ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിക്കുന്ന നടപടിക്രമം ഇല്ല. സർക്കാർ നിലപാട്, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സി. ഡി. ഫയൽ എന്നിവകോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാറാണുള്ളത്. |
| (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിടിപ്പ്കേട് കൊണ്ടാണ് ഇറ്റാലിയൻ നാവികർ രാജ്യം വിടാനിടയായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

—

(ഡി) ഇറ്റാലിയൻ നാവികരെ ഇനി ഇന്ത്യയിലേക്ക് അയക്കില്ലെന്ന ഇറ്റലിയുടെ അറിയിപ്പ് കേന്ദ്ര സർക്കാരിന് ലഭിച്ചതിനു ശേഷം സംസ്ഥാന സർക്കാരിന്റെ ഭാഗമായി ആരെങ്കിലും കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) നാവികർ തിരികെ വരില്ലെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ അവരെ തിരികെ ഇന്ത്യയിലെത്തിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പ്രധാനമന്ത്രിക്കും കേന്ദ്ര വിദേശകാര്യ മന്ത്രിക്കും മുഖ്യമന്ത്രി കത്തയക്കുകയും പ്രധാനമന്ത്രിയെ നേരിൽ കണ്ട് ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തു. സുപ്രീംകോടതി ഇറ്റലിക്കുപോകുവാൻ അനുവദിച്ച സമയപരിധിക്കുള്ളിൽ തന്നെ അവർ തിരിച്ച് എത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ